# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1841 07/12/2015 ൽ മറുപടിക്ക്

**സർക്കാർ ജീവനക്കാരുടെ കലാസാഹിത്യ പ്രവർത്തനങ്ങൾ**

**ചോദ്യം :**

**ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

(എ) സർക്കാർ ജീവനക്കാരുടെ കലാസാഹിത്യ പ്രവർത്തനങ്ങൾക്ക് കടുത്ത നിയന്ത്രണം വരുത്തികൊണ്ട് പെരുമാറ്റചട്ടം ഭേദഗതി ചെയ്ത് ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിയ്ക്കുമോ ;

(ബി) പ്രസ്തുത ഭേദഗതി ഉത്തരവ് ഇറക്കാനുണ്ടായ പ്രത്യേക സാഹചര്യം എന്താണെന്ന് വിശദമാക്കുമോ ?

**ഉത്തരം :**

**ശ്രീ. ഉമ്മൻചാണ്ടി**
**മുഖ്യമന്ത്രി**

(എ)&(ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ 1960ലെ പെരുമാറ്റ ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകളല്ലാതെ പുതിയ വ്യവസ്ഥകളൊന്നും സർക്കാർ നടപ്പിലാക്കിയിട്ടില്ല. ചട്ടങ്ങൾക്കനുസൃതമായി ചില നിയന്ത്രണങ്ങളിൽ അയവു വരുത്തുകയാണ് ചെയ്തത്. എന്നാൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പുസ്തകം പ്രസിദ്ധീകരിക്കുന്നതിനും, സ്വകാര്യ റേഡിയോ/ടി.വി ചാനലുകളിൽ പരിപാടി അവതരിപ്പിക്കുന്നതിനും, സിനിമ/സീരിയൽ/പ്രൊഫഷണൽ നാടകം എന്നിവയിൽ അഭിനയിക്കുന്നതിനും മറ്റ് പ്രവർത്തനങ്ങൾ നടത്തുന്നതിനും അനുമതി നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ രൂപീകരിച്ചുകൊണ്ട് 11.11.2015ൽ G.O.(P).28/15/ഉഭപവ എന്ന നമ്പരിലുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിനെതിരെ വിമർശനമുണ്ടായതിനെത്തുടർന്ന് ആയത് 24.11.2015ലെ G.O.(P).32/15/ഉഭപവ എന്ന നമ്പർ ഉത്തരവ് പ്രകാരം മരവിപ്പിച്ചിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ